**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ വെളിയനാട് ക്ഷീരവികസന യൂണിറ്റിൽ ഒരു ഡെയറി ഫാം ഇൻസ്ട്രക്ടറെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/3478/2025-E1 തിരുവനന്തപുരം, തീയതി : 10-09-2025

---

പരാമർശം:- ക്ഷീരവികസന വകുപ്പ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 18.08.2025 ലെ DDALP/441/2025-A നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ വെളിനാട് ക്ഷീരവികസന യൂണിറ്റിൽ 2 ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികകൾ ഉണ്ടെങ്കിലും ആയതിലെ ഒരു ഡെയറി ഫാം ഇൻസ്ട്രക്ടർ ശൂന്യവേതനാവധിയിലും മറ്റൊരു ഡെയറി ഫാം ഇൻസ്ട്രക്ടർ കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ സ്പെഷ്യൽ ഡ്യൂട്ടിയിലും ആയതിനാൽ, ടി ക്ഷീരവികസന യൂണിറ്റിലെ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിലേക്കായി ഒരു ഡെയറി ഫാം ഇൻസ്ട്രക്ടറെ എത്രയും വേഗം വെളിയനാട് ക്ഷീരവികസന യൂണിറ്റിൽ 3 മാസക്കാലയളവിലേക്ക് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിക്കണമെന്ന് ക്ഷീരവികസന വകുപ്പ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മേൽപരാമർശം പ്രകാരം അപേക്ഷിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടറായ ശ്രീമതി. മാരിഷ കുമാർ-നെ 3 മാസക്കാലയളവിലേക്കോ, അല്ലെങ്കിൽ ഒരു ഡെയറി ഫാം ഇൻസ്ട്രക്ടർ വെളിയനാട് ക്ഷീരവികസന യൂണിറ്റ് കാര്യാലയത്തിൽ നിയമിക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം എന്ന വ്യവസ്ഥയിൽ വെളിയനാട് ക്ഷീരവികസന യൂണിറ്റിൽ 3 മാസത്തെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാളെ നിലവിലെ കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്ത വിവരവും സ്പെഷ്യൽ ഡ്യൂട്ടിയിൽ പ്രവേശിച്ച വിവരവും

ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ എത്രയും വേഗം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Signed by
Salini Gopinath
Date: 10-09-2025 12:30:44

ഡയറക്ടർ
(PEN. 498485)

To:- ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, ആലപ്പുഴ.

2) ക്ഷീരവികസന ഓഫീസർമാർ (ചമ്പക്കുളം, വെളിയനാട്).

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്).

6) ഈ കാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും.

7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

8) ഈ കാര്യാലയത്തിലെ എല്ലാ സൂപ്രണ്ടുമാർക്കും.

9) ഡെയറി ഫാം ഇൻസ്ട്രക്ടർ, റ്റി.സി. ആന്റ് ഐ.ടി. സെൽ, ഡയറക്ടറേറ്റ് - ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിനായി.